# പട്ടം പറപ്പിച്ച പതാക മുതൽ....

ഡി. ബാബു പോൾ

ഒരു സ്വാതന്ത്ര്യദിനം കൂടെ കഴിഞ്ഞു. ഭാരതം സ്വതന്ത്രമായ 1947 ആഗസ്റ്റ് 15 ഓർമ്മയിലുണ്ട്. അത് സ്വാതന്ത്ര്യം എന്താണ് എന്ന് അന്ന് ഗ്രഹിച്ചിരുന്നതിനാലല്ല. ഈ എഴുപത്തിയഞ്ചാംവയസ്സിലും അത് കൃത്യമായി ഗ്രഹിച്ചിട്ടുമില്ല. ആ വിഷയം പിറകെ പറയാം.

1947 ആഗസ്റ്റ് 15 രാവിലെ കുറുപ്പംപടിയിലെ ചെറുമല എന്ന കുന്നിന്റെ കിഴക്കെ ചരിവിൽ വീട്ടുമുറ്റത്തിന്റെ കിഴക്കെ അതിരിൽ വിശാലമായ പാടങ്ങളെയും അങ്ങ് ദൂരെ കാണുന്ന സഹ്യാദ്രിയെയും സാക്ഷിയാക്കി മൂത്രശങ്ക നിവാരണം ചെയ്യശേഷം ഒരു മാവില എടുത്ത് ചുരുട്ടി ദന്തധാവനത്തിന് പുറപ്പെടുംമുമ്പെ ഈ ആറ് വയസ്സുകാരന്റെ ചെവിയിൽ ഒരു ചോദ്യം വീണു,: "നീ അറിഞ്ഞോ?" അച്ഛനായിരുന്നു. "ഇന്നലെ പാതിരയ്ക്ക് ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം കിട്ടി. നിന്റമ്മയും ഞാനും അലാറം വച്ച് ഉണർന്ന് പ്രാർഥിച്ചു. നീ നല്ല ഉറക്കമായിരുന്നു." അച്ഛന്റെ സമ്പ്രദായം അതായിരുന്നു.

പെരുമ്പാവൂർ ടൗണിൽ വല്ല വിശേഷവും ഉണ്ടായിട്ടുണ്ടാവാം. ഞങ്ങളുടെ നാട്ടിൻപുറത്ത് ഒന്നും ഉണ്ടായതായി ഓർമ്മയില്ല. എങ്കിലും ആ പ്രഭാതം ഓർമ്മയിലുണ്ട്. മുറ്റത്തിന് തണലൊരുക്കിയ ആ വലിയ മാവ്. മൂന്നാറിനുള്ള ചെമ്മൺപാതയ്ക്കപ്പുറം ആ വലിയ ആൽമരം.

അത് പള്ളിപ്പറമ്പാണ്. പള്ളിയും കുളവും കിണറും കൊടിയില്ലാത്ത കൊടിമരവും. ഇപ്പോഴും കൊടിമരത്തിന് സ്വർണനിറത്തിൽ ഒരാവരണമുണ്ട്. കുളം നികത്തിയിരിക്കുന്നു. അതിന് മേൽ ഒരു കെട്ടിടം. അവിടെ സി.ബി.എസ്.ഇ. ക്ലാസ്സുകൾ. വിദ്യാഭ്യാസം എവിടെയും കുളത്തിൽ തന്നെ. അതവിടെ നിൽക്കട്ടെ. പല്ല് തേച്ചുകഴിഞ്ഞ് അച്ഛൻ ഒന്നു കൂടെ മിനുക്കിത്തരും. അത് ഉമിക്കരിയും അസാരം ഉപ്പും ചേർത്തിട്ടാണ്. ആ ഉപ്പിന്റെ രുചി നാവിലുണ്ട് ഇതെഴുതുമ്പോഴും. അന്നത്തെ പ്രഭാതത്തെ ഓർമ്മയിൽ തളച്ചു നിർത്തുന്നത് അച്ഛൻ പറഞ്ഞുതന്ന പാഠമാണ്. ആ പാഠത്തിന് രണ്ട് ഘടകങ്ങളാം. ഒന്ന്, സ്വാതന്ത്ര്യം കിട്ടി. രണ്ട്, ഈ നാടിന് വേണ്ടി നാം പ്രാർത്ഥിക്കണം.

പിണറായി, കോടിയേരി തുടങ്ങിയ നിരീശ്വരഗ്രാമങ്ങളെ വിടുക. ഈശ്വരവിശ്വാസമുള്ളവരിൽ എത്രപേർ ഈ നാടിന് വേണ്ടി പ്രാർഥിക്കുന്നു? ഞാനെടുത്ത ലോട്ടറി ടിക്കറ്റിന് സമ്മാനം കിട്ടണം എന്ന ആശയത്തിന്റെ വിഭിന്നഭാവങ്ങളാണല്ലോ ഗണപതി കോവിലിലും പാളയം പള്ളിയിലും ബീമാപ്പള്ളിയിലെ മോസ്കിലും നാം ദൈവത്തെ പറഞ്ഞു കേൾപ്പിക്കുന്നത്. എത്രപേരുണ്ട് നാടിന് വേണ്ടി പ്രാർത്ഥിക്കാൻ?

കേരളം ദൈവത്തിന്റെ സ്വന്തം നാടാണ് എന്ന് പറഞ്ഞുതന്നത് പരസ്യക്കമ്പനിയിലെ കോപ്പിറൈറ്റർ ആയിരുന്ന മെൻഡസ് എന്ന ഗോവൻ ചട്ടക്കാരനാണ്. ടൂറിസം സെക്രട്ടറി ആയിരുന്ന ഞാനും ഡയറക്ടറായിരുന്ന ജയകുമാറും അത് പറഞ്ഞുപരത്തി.

ദൈവവിശ്വാസം ഇല്ലായിരുന്നെങ്കിലും കേരളത്തിലെ ആധുനിക ടൂറിസത്തിന്റെ പിതാവായ മന്ത്രി പി.എസ്. ശ്രീനിവാസനും അത് വിശ്വസിച്ചു.

ഭാരതം ദൈവത്തിന്റെ സ്വന്തം നാട് ആണെന്ന് ഒരു മെൻഡസും പറഞ്ഞുതരേണ്ടതില്ല. അത് പഠിപ്പിച്ചുതരുന്ന ഗുരു ചരിത്രമാണ്. ഭാരതത്തിന്റെ സ്വാതന്ത്ര്യപ്രാപ്തി ഭൂമുഖത്തെങ്ങും സ്വാതന്ത്ര്യത്തിന്റെ നവയുഗത്തിന് യവനിക ഉയർത്തി. ഒന്നൊന്നായി കോളനികൾ സ്വാതന്ത്ര്യം നേടി. എന്നാൽ ഇന്ന് ഏഴ് പതിറ്റാണ്ടുകൾക്കിപ്പുറം ആ സ്വാതന്ത്ര്യം നിലനിർത്തുന്നത് നാം മാത്രമാണ്. അടിയന്തരാവസ്ഥയെ അപഭ്രംശമായി കാണാൻ കഴിയുന്നത് തന്നെ നാം സ്വതന്ത്രരായി തുടരുന്നതിനാലാണല്ലോ.

തിരുവനന്തപുരത്തിരുന്നുകൊണ്ട് ഇത് കുറിക്കുമ്പോൾ 1947 ആഗസ്റ്റ് 15 ഈ നഗരത്തിൽ ഒരു സാധാരണദിവസമായി തന്നെ കടന്നുപോകണം എന്നതായിരുന്നു മഹാരാജാവിന്റെ നിശ്ചയവും ദിവാൻജിയുടെ കല്പനയും എന്ന് ഓർമ്മ വരുന്നു. അത് സർ സി.പി. എന്ന നിയമജ്ഞന്റെ ദൃഷ്ടിയിൽ തെറ്റായിരുന്നില്ല.

ഇന്ത്യ സ്വതന്ത്രയായി എന്നതിനർഥം ബ്രിട്ടീഷിന്ത്യയിലെ ജനങ്ങളും ഭാരതത്തിലെ അഞ്ഞൂറോളം നാട്ടുരാജാക്കന്മാരും സ്വതന്ത്രരായി എന്നായിരുന്നുവല്ലോ. ബ്രിട്ടീഷിന്ത്യയുടെ സ്വാതന്ത്ര്യം നാട്ടുരാജ്യങ്ങളിൽ അനുഭവപ്പെടാൻ കടമ്പകൾ ബാക്കിനിർത്തിയാണ് ധ്വരസ്ഥലംവിട്ടത്. രാജാവിന് സായിപ്പിന്റെ മേൽക്കോയ്മ മാറിക്കിട്ടി. ദിവാന് ഇനി റസിഡന്റിനെ ഭയപ്പെടേണ്ടതില്ല. അത്ര തന്നെ.

തിരുവിതാംകൂർ ഒരു സ്വതന്ത്രരാജ്യമായി. പണ്ടും സെക്രട്ടേറിയറ്റിൽ യൂണിയൻ ജാക്ക് അല്ല പറന്നിരുന്നത്. ബ്രിട്ടീഷ് പതാക പറന്ന ഇടങ്ങളിൽ പകരം ദേശീയ പതാക ഉയർത്തണം. അത് സ്വാതന്ത്ര്യപ്രാപ്തിയുടെ ലക്ഷണം. ശംഖുപതാകയ്ക്ക് പകരം ത്രിവർണപതാക ഉയർത്തണമെങ്കിൽ അതിന് നിയമത്തിന്റെ പിൻബലം ഉള്ള



എന്തെങ്കിലും അടിസ്ഥാനം കാണണം. സി.പി.യെപ്പോലെ നിയമം അരച്ചുകലക്കി പൈദാഹം അകറ്റിയിരുന്ന ഒരാൾ പറഞ്ഞത് നിയമേന ശരി. കെ.സി.എസ്. മണി വാൾ വീശിയിട്ടും ദിവാന്റെ മൂക്കിനല്ലാതെ രാജാവിന്റെ പതാകയ്ക്ക് കേടൊന്നും പറ്റിയില്ല. അതിന് വി.പി.മേനോന്റെ രംഗപ്രവേശം വേണ്ടിവന്നു.

തിരുവിതാംകൂർ സ്റ്റേറ്റ് കോൺഗ്രസ്സിന്റെ പരിപാടി ഹജൂർവളപ്പിൽ പ്രവേശിച്ച് ദേശീയ പതാക ഉയർത്തണം എന്നതായിരുന്നു. സി.പി.യുടെ ആജ്ഞാശക്തിയും ആസൂത്രണവൈദഗ്ധ്യവും അത് തീർത്തും അസാധ്യമാക്കി. എന്നാൽ സി.പി.യുടെ വിലക്ക് അവഗണിച്ച് പട്ടം താണുപി

ള്ള തിരുവനന്തപുരത്ത് ദേശീയ പതാക ഉയർത്തുക തന്നെ ചെയ്തു.

തിരുവനന്തപുരം വൈ.എം.സി.എ. ഉത്തരവാദഭരണത്തിന് വേണ്ടി സമരം ചെയ്തവരുടെ ഒരു സംഗമകേന്ദ്രം ആയിരുന്നു. പട്ടം താണുപിള്ളയും സി. കേശവനും ടി.എം. വറുഗീസും സി. നാരായണപിള്ളയും കുമ്പളത്ത് ശങ്കുപ്പിള്ളയും സമശീർഷരായ ഇതരരും രഹസ്യമായും സാധ്യമെങ്കിൽ പരസ്യമായും ഒത്തുചേർന്നിരുന്ന ഇടം.

വൈ.എം.സി.എ. എന്ന നാല് അക്ഷരങ്ങളിൽ 'സി' എന്നത് ക്രിസ്ത്യൻ എന്നാണ് വിപുലീകരിക്കേണ്ടത്, ക്വിസ് മത്സരത്തിൽ ജയിക്കാൻ.

എന്നാൽ ക്രിസ്ത്യാനികൾ മാത്രം ഉണ്ടായിരുന്ന ബ്രിട്ടനിൽ ആയിരുന്നു 1844-ൽ ജോർജ് വില്യംസ് എന്ന മനുഷ്യസ്നേഹി ഈ പ്രസ്ഥാനത്തിന് തുടക്കം കുറിച്ചത്. അന്ന് 'സി' അനാവശ്യമായിരുന്നു മതം എന്ന സങ്കല്പത്തിൽ. വ്യാവസായിക വിപ്ലവത്തിന് ശേഷം ആധുനിക മുതലാളിത്തവ്യവസ്ഥയുടെ അലിഖിതഘടകങ്ങളായ സ്വാർത്ഥതയും ചൂഷണവും സമൂഹത്തെ ഗ്രസിച്ച തിന്മകളായപ്പോൾ ക്രിസ്തുഭഗവാൻ പഠിപ്പിച്ച മൂല്യങ്ങൾ ജീവിതത്തിൽ അനുവർത്തിക്കുന്ന യുവതയുടെ സംഘടന എന്ന നിലയിലാണ് വില്യംസ് 'സി' ചേർത്തത്.

ക്രിസ്ത്യൻ എന്ന പദം ഒരു മതവിശ്വാസത്തെക്കാളുപരി ഒരു മൂല്യശ്രേണിയെ ആണ് സൂചിപ്പിക്കുന്നത് എന്നർത്ഥം. ശരീരത്തിനും മനസ്സിനും ആത്മാവിനും പ്രയോജനപ്പെടുന്നതാവണം ഈ പ്രസ്ഥാനം എന്ന് അദ്ദേഹം ആശിച്ചു. പത്തുകൊല്ലം കഴിഞ്ഞ് പാരീസിൽ യോഗം ചേർന്ന് ഈ പ്രസ്ഥാനം ആഗോളവ്യാപകമായി മാറി. ബൈബിൾ പഠനവും ക്രിസ്തീയ പ്രാർത്ഥനാവാരവും ഒക്കെ ഒരു വഴിക്ക് നടക്കുന്നുണ്ടെങ്കിലും യുവജനങ്ങൾക്ക് ജാതിമതാതീതമായി ഒത്തുചേരാനുള്ള ഇടം എന്നത് തന്നെ ആണ് ഇന്നും ഈ പ്രസ്ഥാനത്തിന്റെ പ്രത്യേകത. ഭാരതത്തിലാണെങ്കിൽ മലയാളിയായ കെ.ടി.പോൾ 1916 ൽ നേതൃസ്ഥാനത്ത് എത്തിയതോടെ ഗ്രാമോദ്ധാരണ പ്രവർത്തനങ്ങൾക്ക് ഏറെ പ്രാധാന്യം ലഭിക്കുകയും ചെയ്തു.

അങ്ങനെ തിരുവനന്തപുരം വൈ.എം.സി.എ. ഗാന്ധിയൻ ചിന്തകളും ദേശസ്നേഹവും സോഷ്യൽ ഗോസ്പൽ എന്ന് വേദശാസ്ത്രത്തിൽ അറിയപ്പെടുന്നതും വിമോചന ദൈവശാസ്ത്രം എന്ന് കുറെക്കൂടെ പ്രസിദ്ധമായ ആശയത്തോട് ചേർത്തുവായിക്കാവുന്നതും ആയ സാമൂഹ്യസേവനവും ഒക്കെ പ്രധാനമായി കരുതുന്ന വിദ്യാസമ്പന്നരുടെ കേന്ദ്രമായി. തിരുവിതാംകൂറിൽ ചീഫ് സെക്രട്ടറി ആയിരുന്ന കെ. ജോർജ് ദീർഘകാലം അതിന്റെ അധ്യക്ഷനായിരുന്നു.

സ്വാതന്ത്ര്യദിനത്തിലേക്ക് തിരിച്ചുവരാം. സ്റ്റേറ്റ് കോൺഗ്രസുകാർ വൈ.എം.സി.എ.യിൽ ഒത്തുചേരാനും ജാഥ പോലെ ഒരു ആൾക്കൂട്ടമായി സെക്രട്ടേറിയറ്റ് വളപ്പിൽ പ്രവേശിച്ച് ദേശീയ പതാക ഉയർത്തുവാനും ആയിരുന്നു തീരുമാനം. എന്നാൽ മൂന്ന് ദിവസം മുൻപ് സി.പി.യുടെ കല്ലേപ്പിളർക്കുന്ന കല്പന ഇറങ്ങി. തിരുവിതാംകൂറിൽ ഒരിടത്തും ത്രിവർണ പതാക ഉയർത്തിക്കൂടാ. അത് ലംഘിക്കാൻ തീരുമാനിച്ച് പട്ടത്തിന്റെ നേതൃത്വത്തിൽ ഒരു സംഘം ആളുകൾ വൈ.എം.സി.എ.യിൽ ഒത്തുകൂടി. അവർ റോഡ് മുറിച്ച് ഹജൂർ വളപ്പിലേക്ക് നീങ്ങാൻ തുടങ്ങിയതും പോലീസ് തടഞ്ഞു. ഒരു മംഗളദിനം രക്തരൂക്ഷിതമാകാതിരിക്കാനാവണം പട്ടം വൈ.എം.സി.എ.യിലേക്ക് മടങ്ങി. അവിടെ ദേശിയ പതാക ഉയർത്തി.

ആ സംഭവം അനുസ്മരിപ്പിക്കുന്ന ഒരു ശിലാഫലകം വൈ.എം.സി.എ. വളപ്പിൽ കഴിഞ്ഞ കൊല്ലമോ മറ്റോ അനാവരണം ചെയ്തു. അത് നന്നായി. എന്നാൽ സംഭവം നടക്കുന്ന കാലത്ത് അതിൽ പങ്കെടുത്ത സമാദരണീയനായ അയ്യപ്പൻപിള്ള സാറിനെ ക്ഷണിക്കാതെ എമ്മെല്ലേപ്പണി കിട്ടുന്നതിന് മുൻപ് കാഴ്ചബംഗ്ലാവിലെ കുരങ്ങനെ കാണാനല്ലാതെ തിരുവനന്തപുരം സന്ദർശിച്ചിട്ടില്ലാത്ത ഏതോ മന്ത്രിയെ ക്ഷണിച്ചത് ആ ഫലകത്തിലെ അക്ഷരത്തെറ്റായി ആലേഖ്യം ചെയ്യപ്പെട്ടിരിക്കുന്നു എന്ന് നിരീക്ഷിക്കാതെ വയ്യ. അന്നന്ന് കാണുന്ന മാമുനികളെ വാഴ്ത്തുക എന്നതാണല്ലോ നാട്ടുനടപ്പ്.

തലസ്ഥാനത്ത് ആദ്യം ഞാൻ കണ്ട സ്വാതന്ത്ര്യദിനാഘോഷം 1958-ൽ ആയിരുന്നു. മുഖ്യമന്ത്രി ഈയെമ്മസ് യൂണിവേഴ്സിറ്റി സ്റ്റേഡിയത്തിൽ പതാക ഉയർത്തി. അന്ന് ചന്ദ്രശേഖരൻ നായർ ഐ.ജി.യും ഇന്നത്തെ ചന്ദ്രശേഖരൻ നായർ സ്റ്റേഡിയം കുന്നും കുഴിയും ആയിക്കിടന്ന ഒരു സർക്കാർപുരയിടവും ആയിരുന്നു. സെൻട്രൽ സ്റ്റേഡിയവും തുറസ്സായ ഒരു ഇടം എന്നല്ലാതെ പരേഡൊന്നും നടത്താനുള്ള പരുവത്തിൽ ആയിരുന്നില്ല. 1965ൽ ഞാൻ അസിസ്റ്റൻറ് കലക്ടർ ആയിരുന്നപ്പോഴും യൂണിവേഴ്സിറ്റി സ്റ്റേഡിയം ആയിരുന്നു വേദി. അച്യുതമേനോനാണ് സെൻട്രൽ സ്റ്റേഡിയത്തിൽ പതാക ഉയർത്തുകയും അഭിവാദ്യം സ്വീകരിക്കുകയും ചെയ്ത ആദ്യ മുഖ്യമന്ത്രി എന്നാണ് തോന്നുന്നത്. ഒരു പി.എസ്.സി. ടെസ്റ്റിലും പ്രത്യക്ഷപ്പെടാൻ ഇടയില്ലാത്ത ചോദ്യമാണ് അതെങ്കിലും 1947 ആഗസ്റ്റ് 15 ന് വൈ.എം.സി.എ. അങ്കണത്തിൽ പതാക ഉയർത്തിയ പട്ടം തിരുവിതാംകൂറിലും തിരു-കൊച്ചിയിലും കേരളത്തിലും പ്രധാനമന്ത്രിയായും മുഖ്യമന്ത്രിയായും അഞ്ച് തവണ സ്വാതന്ത്ര്യദിനം ആഘോഷിച്ചെങ്കിലും ഒരിക്കൽ പോലും സെൻട്രൽ സ്റ്റേഡിയത്തിൽ പതാക ഉയർത്തി സല്യൂട്ട് സ്വീകരിച്ചില്ല എന്നത് ഒരു കൗതുകവാർത്തയാണല്ലോ.

സ്വാതന്ത്ര്യദിനത്തിൽ ഞാൻ ആദ്യം സല്യൂട്ട് സ്വീകരിച്ചത് 1970 ൽ ആയിരുന്നു. അത് പാലക്കാട് കോട്ടമൈതാനിയിൽ. ഒടുവിൽ സ്വീകരിച്ചത് 1975 ൽ. അത് തൊടുപുഴയിലെ ഒരു സ്കൂൾ മൈതാനത്ത്; ഇടുക്കി ജില്ലയിൽ സ്വാതന്ത്ര്യദിനത്തിന്റെ ഔദ്യോഗിക ചടങ്ങുകൾ തൊടുപുഴയിലും റിപ്പബ്ലിക് ദിനത്തിന്റേത് മൂന്നാറിലും ആയിരുന്നു നടത്തിവന്നത്. ജില്ലയിൽ നിന്ന് ഏതെങ്കിലും മന്ത്രി ഉണ്ടെങ്കിൽ അവരെ വിളിക്കുമെന്നല്ലാതെ സകല ജില്ലകളിലും മന്ത്രിമാരെക്കൊണ്ട് കൊടിപൊക്കിക്കുന്ന പരിപാടി അക്കാലത്ത് ഉണ്ടായിരുന്നില്ല; അത് എൺപതുകളിൽ തുടങ്ങിയ സമ്പ്രദായമാണ്.

തുടക്കത്തിൽ ഉന്നയിച്ച ചോദ്യം ബാക്കിയാണ് എന്നറിയുന്നുണ്ട് ഈ പേന. എന്താണ് സ്വാതന്ത്ര്യം? 2015 ൽ ഭാരതം സ്വതന്ത്രമാണോ? ആഗോളീകൃതലോകത്തിൽ രാഷ്ട്രങ്ങളുടെ സ്വാതന്ത്ര്യം എങ്ങനെയാണ് നിർവചിക്കേണ്ടത്? ആലോചനാമൃതം തന്നെ.